**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തെക്കുംകര ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി. രത്ന കുമാരി. സി.എ യുടെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.218/2017/തസ്വഭവ തിരുവനന്തപുരം, തീയതി,25/01/2017

==========================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.
2) ശ്രീമതി. രത്ന കുമാരി.സി.എ യുടെ 08.04.2016 ലെ ശൂന്യവേതനാവധിയപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 24.11.2016 ലെ ഇ 6-15626/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തെക്കുംകര ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി. രത്ന കുമാരി. സി.എ യുടെ 23.07.2014 മുതൽ 09.12.2014 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. രത്ന കുമാരി. സി.എ 16.11.2013 ന് സേവനത്തിൽ പ്രവേശിച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റും 10.12.2014 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും സമർപ്പിക്കുകയുണ്ടായി. എന്നാൽ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാൽ പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല. ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തെക്കുംകര ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി. രത്ന കുമാരി. സി.എ യുടെ 23.07.2014 മുതൽ 09.12.2014 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്,

പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, തെക്കുംകര ഗ്രാമ പഞ്ചായത്ത്,തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി.രത്ന കുമാരി.സി.എ, ക്ലാർക്ക്, തെക്കുംകര ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(245/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ